# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് നാല്പത്

## രാജ്യത്തിന്റെ മർമങ്ങളുടെ അനാവരണം

### (6)

വലയുടെ ഉപമ നാം ചിന്തിക്കുന്നതിനുമുമ്പ് നിധിയെയും മുത്തിനെയും സംബന്ധിച്ച് ഇനിയും ഒരു വാക്ക് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ബൈബിളിൽ ഏഴ് എന്ന സംഖ്യ നാലും മൂന്നും ചേരുന്നതോ, മൂന്നും നാലും ചേരുന്നതോ, ആറും ഒന്നും ചേരുന്നതോ ആണ്. ബൈബിളിൽ ആദ്യമായി ഏഴ് എന്ന സംഖ്യ പരാമർശിക്കുമ്പോൾ, അത് സൃഷ്ടിപ്പിന്റെ ആറു ദിവസവും വിശ്രമത്തിനു വേണ്ടിയുള്ള ശബ്ബത്തിന്റെ ഒരു ദിവസവും ചേരുന്നതായിരുന്നു. വെളിപ്പാടിൽ ഏഴു സഭകൾ മൂന്നും നാലും ചേരുന്നതാണ്. ഏഴു മുദ്രകൾ ഒന്നാമത് നാലും മൂന്നും, പിന്നീട് ആറും ഒന്നും ചേരുന്നതാണ്. ഏഴു കാഹളങ്ങളുടെയും ഏഴു കലശങ്ങളുടെയും കാര്യത്തിലും തത്ത്വം ഇങ്ങനെ തന്നെയാണ്. മത്തായി 13-ൽ ഏഴ് എന്ന സംഖ്യ ഒന്നാമത് നാലും മൂന്നും, പിന്നീട് ആറും ഒന്നും ചേരുന്നതാണ്. ആദ്യത്തെ നാല് ഉപമകൾ ഭക്ഷണ പദാർഥങ്ങളോട് ബന്ധപ്പെട്ടതാണ്; എന്നാൽ അഞ്ചാമത്തെയും ആറാമത്തെയും ഉപമകൾ കെട്ടിടത്തിനു വേണ്ടിയുള്ള രൂപാന്തരത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഏറ്റവും കട്ടിയുള്ള അപ്പത്തെപ്പോലും പുളിപ്പിക്കുവാൻ കഴിയുമെങ്കിലും, മുത്തിനെയും വിലയേറിയ കല്ലുകളെയും പുളിപ്പിക്കുവാൻ കഴിയുകയില്ല. കൂടാതെ, ഒരു വടയോ കട്ടിയുള്ള ഒരു അപ്പമോ അതിന്മേൽ ഒഴിക്കുന്ന വെള്ളത്താൽ നശിപ്പിക്കപ്പെടുവാൻ കഴിയുമെങ്കിലും, വിലയേറിയ കല്ലുകളുടെയോ മുത്തുകളുടെയോ കാര്യത്തിൽ അങ്ങനെയല്ല.

മത്തായി 13-ലെ കർത്താവിന്റെ വാക്ക് വെറുമൊരു പ്രവചനമോ ഒരു ഉപദേശമോ അല്ല. അത് സഭയോടും രാജ്യത്തോടുമുള്ള ബന്ധത്തിൽ ഇന്നത്തെ ക്രിസ്തുമതത്തിന്റെ പ്രായോഗിക സാഹചര്യത്തിന്റെ ഒരു ദർശനവും ആണ്. രാജ്യത്തിന്റെ മർമങ്ങളെക്കുറിച്ചുള്ള കർത്താവിന്റെ വാക്ക് ആദർശപരമോ അവാസ്തവികമോ അല്ല. അത് പ്രായോഗികമാണ്. അങ്ങനെ, നാം ഈ ഉപമകൾ

മനസ്സിലാക്കണമെങ്കിൽ, അവയെക്കുറിച്ചുള്ള ചില പ്രായോഗിക പ്രയോഗത്തിനായി നാം കർത്താവിലേക്കു നോക്കണം. ഉപമകളെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യം പ്രായോഗിക സാഹചര്യത്തോട് യോജിക്കണം.

ഇന്നത്തെ ക്രൈസ്തവലോകത്തെ നിങ്ങൾ നോക്കുന്നുവെങ്കിൽ, യഥാർഥ ക്രിസ്ത്യാനികൾ ഗോതമ്പാണെന്നും യഥാർഥ ക്രിസ്ത്യാനികളുടെ വളർച്ചയെ തടസ്സപ്പെടുത്തുവാൻ വ്യാജ ക്രിസ്ത്യാനികൾ അവരുമായി കലർന്നിരിക്കുന്നുവെന്നും നിങ്ങൾ കാണും. ഭൂമിയിൽ എല്ലായിടത്തും, പ്രത്യേകിച്ചും യൂറോപ്പിൽ, യഥാർഥ ക്രിസ്ത്യാനികളെക്കാൾ കൂടുതൽ വ്യാജ ക്രിസ്ത്യാനികളെ നാം കാണുന്നു. ഇറ്റലിയും ബ്രസീലും പോലെയുള്ള കത്തോലിക്കാ രാജ്യങ്ങളിൽ ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്ന അനേകർക്കിടയിൽ ഒരു യഥാർഥ ക്രിസ്ത്യാനിയെ കണ്ടെത്തുക പ്രയാസമാണ്. അതുകൊണ്ട്, കളകൾ വ്യാജക്രിസ്ത്യാനികളാണെന്ന വ്യാഖ്യാനം ഉപദേശപരം മാത്രമല്ല, പിന്നെയോ ചരിത്രവും ഇന്നത്തെ സാഹചര്യവും അനുസരിച്ച് പ്രായോഗികവും ആണ്. കൂടാതെ, വലിയ വൃക്ഷം നമ്മുടെ മുമ്പിൽ നിൽക്കുന്നു. എല്ലാ ദിവസവും ക്രൈസ്തവലോകത്തിന്റെ ഒരു വലിയ നാട്യത്തെ നാം കാണുന്നു. ഇത് ഉപദേശമോ വെറും പ്രവചനമോ അല്ല. നമ്മുടെ കണ്ണുകൾക്കു മുമ്പിൽ പ്രവചനത്തിന്റെ പ്രായോഗിക നിറവേറൽ നമുക്കുണ്ട്. എല്ലായിടത്തും പുളിപ്പും നാം കാണുന്നു. ക്രൈസ്തവലോകത്തിൽ സകലത്തിലും പുളിപ്പുണ്ട്. ക്രൈസ്തവലോകത്തിന്റെ എല്ലാ വശവും എല്ലാ കോണും പുളിപ്പിക്കപ്പെട്ടിരിക്കുന്നു. ഒരല്പം സത്യമുണ്ടെങ്കിൽ, അതിലേക്ക് വളരെയധികം പുളിപ്പ് ചേർക്കപ്പെട്ടിട്ടുണ്ട്. ഇതാണ് ഇന്നത്തെ യഥാർഥ സാഹചര്യം.

പ്രായോഗികമായ ഒരു രീതിയിൽ ആദ്യത്തെ നാല് ഉപമകളെ വ്യാഖ്യാനിക്കുവാനും പ്രായോഗികമായ ഒരു രീതിയിൽ അവയെ പ്രയോഗിക്കുവാനും നമുക്കു കഴിയും. ഇനി അഞ്ചാമത്തെയും ആറാമത്തെയും ഉപമകളോട് ഇതേ കാര്യം നാം ചെയ്യണം. അവയെ മനസ്സിലാക്കുവാനുള്ള പ്രായോഗികമായ മാർഗം അടുത്തകാലത്ത് കർത്താവ് നമുക്ക് കാണിച്ചുതന്നിരിക്കുന്നു. ഏതു പ്രവചനത്തെയും പ്രായോഗികമായ രീതിയിൽ മനസ്സിലാക്കേണ്ടതിന് നമുക്ക് വസ്തുതകൾ ആവശ്യമാണ്. വസ്തുതകൾ നാം കാണുമ്പോൾ മാത്രമേ പ്രായോഗികമായ ഒരു രീതിയിൽ ഈ ഉപമകളുടെ പ്രവചനത്തെ നമുക്ക് മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നമുക്ക് നിധിയും മുത്തും ഉണ്ട്. ആദ്യത്തെ നാല് ഉപമകളിൽ നമുക്ക് ഗോതമ്പും, കളകളും, കടുകും, പുളിപ്പും ഉണ്ട്. നാം കളകൾ അല്ല; നാം ഗോതമ്പും നേരിയ മാവും ആണ്. എങ്കിലും, കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ കേവലം ഗോതമ്പോ നേരിയ

മാവോ ആയിരിക്കുന്നത് പര്യാപ്തമല്ല. നാം കേവലം ഗോതമ്പോ നേരിയ മാവോ ആയിരിക്കുന്നുവെങ്കിൽ, നാം തൃപ്തരായിരിക്കു കയില്ല. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഒരു മുത്തും വിലയേറിയ കല്ലുകളായ നിധിയും ഉണ്ട്. അവന്റെ പ്രത്യുദ്ധാരത്തിൽ ഒരു മുത്തിനെപ്പോലെ നിർമലവും, ഉറപ്പും, നിർവ്യാജവുമായ ഒരു സഭ ഉണ്ടായിരിക്കണം. അങ്ങനെയുള്ള ഒരു മുത്തിൽ യാതൊരു കലർപ്പോ അതാര്യതയോ ഇല്ല. മറിച്ച്, അത് തികച്ചും നിർമലവും ശോഭയുള്ളതുമാണ്. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ സഭ എന്താണെന്ന് നിങ്ങൾക്കറിയണമെങ്കിൽ ഒരു മുത്തിനെ നോക്കുക. ഒരു മുത്തിനെ നോക്കുന്നതിലൂടെ സഭ എന്തായിരിക്ക ണമെന്ന് നിങ്ങൾ അറിയും. നാം ഇതുവരെ പൂർണമായി തൃപ്തരാ യിട്ടില്ലെങ്കിലും, കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ സഭകൾ മുത്തു കളെപ്പോലെയാണെന്ന് നമുക്ക് പറയുവാൻ കഴിയും. അപ്പം എത്ര കട്ടിയുള്ളതാണെങ്കിലും, അതിനെ പുളിപ്പിക്കുവാൻ അപ്പോഴും സാധ്യമാണ്. എന്നാൽ സഭ ഒരു മുത്തായിത്തീരുമ്പോൾ അതിനെ ഇനി പുളിപ്പിക്കുവാൻ കഴിയുകയില്ല. മുത്തിലേക്കോ വിലയേറിയ കല്ലിലേക്കോ പുളിപ്പു ചേർക്കുവാൻ ആർക്ക് കഴിയും?

കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഒരുവശത്ത് നാം ഒരു മുത്തു പോലെയായിരിക്കുകയും, മറുവശത്ത് വിലയേറിയ കല്ലുപോലെ യായിരിക്കുകയും വേണം. ജീവനെ സംബന്ധിച്ച് നാം മുത്താണ്; നമ്മുടെ ജീവിതത്തെ സംബന്ധിച്ച് നാം വിലയേറിയ കല്ലുകളായ നിധിയാണ്. പുതിയ യെരൂശലേമിനെ നോക്കുക: എല്ലാ കവാടങ്ങളും മുത്തുകളാണ്, എന്നാൽ മതിലുകൾ വിലയേറിയ കല്ലുകൾകൊണ്ട് പണിയപ്പെട്ടിരിക്കുന്നു. മുത്തുകൊണ്ടുള്ള കവാടങ്ങൾ പ്രവേശ നത്തിനുവേണ്ടി, അഥവാ ആരംഭത്തിനുവേണ്ടിയും, മതിലുകൾ ആവിഷ്കാരത്തിനുവേണ്ടിയും ആണ്. സഭ നമ്മുടെ ജീവനും, രാജ്യം നമ്മുടെ ജീവിതവും ആണ്. സഭയെന്ന നിലയിൽ, നാം സാത്താനാൽ ദുഷിപ്പിക്കപ്പെട്ട ലോകത്തിൽനിന്ന് വീണ്ടുംജനി പ്പിക്കപ്പെട്ടവരാണ്. എന്നാൽ നാം ആരംഭത്തിനു വേണ്ടിയുള്ള, അഥവാ പ്രവേശനത്തിനു വേണ്ടിയുള്ള മുത്തുകൾ മാത്രമല്ല; നാം ആവിഷ്കാരത്തിനു വേണ്ടിയുള്ള വിലയേറിയ കല്ലുമാണ്. ഇത് സ്വർഗീയ ഭരണത്തിൻ കീഴിലുള്ള നമ്മുടെ ജീവിതത്തെ സൂചിപ്പിക്കുന്നു. ഇതാണ് രാജ്യം. സഭയെന്ന നിലയിൽ, നാം ജീവനും, ഒരു പുതിയ തുടക്കവും, ഒരു പ്രവേശനവുമുള്ള മുത്താണ്. രാജ്യമെന്ന നിലയിൽ, നാം സ്വർഗീയ ഭരണഘടനയിൻകീഴിൽ ക്രിസ്തുവിനെ ആവിഷ്കരിക്കുവാൻ പണിയപ്പെട്ടിരിക്കുന്ന ഒന്നായി നിൽക്കുന്ന, വിലയേറിയ കല്ലായ നിധിയാണ്. ഇതാണ് നമ്മുടെ ജീവിതവും നമ്മുടെ ആവിഷ്കാരവും.

രാജ്യം യിസ്രായേലിനോടു ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ചില ഉപദേഷ്ടാക്കന്മാർ പറയുന്നു, എന്നാൽ മുത്ത് സഭയോടു

ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ആരും പറയുന്നുണ്ടാവില്ല. രാജ്യത്തെ യിസ്രായേലിനോടു ബന്ധപ്പെടുത്തുന്നവർ വളരെ ഉപദേശപരവും യുഗപരവുമായവരാണ്, ഒട്ടും പ്രായോഗികപരമായവരല്ല. നിധിയുടെയും മുത്തിന്റെയും ഉപമകളെ ഉപദേശപരമായ ഒരു മാർഗത്തിലോ യുഗപരമായ ഒരു മാർഗത്തിലോ മാത്രമല്ല, പ്രായോഗികമായ ഒരു മാർഗത്തിലും നാം പ്രയോഗിക്കണം. അവയെ പ്രായോഗികമായ ഒരു മാർഗത്തിൽ പ്രയോഗിക്കുന്നതിനായി, ക്രൈസ്തവലോകത്തിന്റെ നിലനില്പിന്റെ കാലഘട്ടത്തിൽ നിധിയെയും മുത്തിനെയും നേടുവാൻ കർത്താവ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന് നാം കാണണം. ക്രൈസ്തവലോകം ഗോതമ്പിനോടും, കളകളോടും, വലിയ വൃക്ഷത്തോടും, ഭോജനത്തിലെ പുളിപ്പിനോടുംകൂടെ തുടരുന്നു. എന്നാൽ ക്രൈസ്തവലോകത്തിനു വേണ്ടിയുള്ള നാല് ഉപമകൾ മാത്രമല്ല കർത്താവു സംസാരിച്ചത്, പിന്നെയോ രണ്ട് ഉപമകൾ നിർവ്യാജവും ശരിയായതുമായ സഭാജീവിതത്തിനുവേണ്ടിയും സംസാരിച്ചു. കർത്താവിന്റെ പ്രത്യാഗമനത്തിലുള്ള സഭകൾ അഞ്ചാമത്തെയും ആറാമത്തെയും ഉപമകളിലാണുള്ളത്. കർത്താവിന്റെ പ്രത്യാഗമനത്തിലുള്ള സഭകളാണ് നിധിയും മുത്തും. ജീവനെ സംബന്ധിച്ചിടത്തോളം നാം മുത്താണ്; നമ്മുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം നാം നിധിയാണ്. ജീവനുവേണ്ടി നാം മുത്തു കവാടങ്ങളാണ്; നമ്മുടെ ജീവിതത്തിനുവേണ്ടി നാം വിലയേറിയ കല്ലുകൾകൊണ്ട് നിർമ്മിക്കപ്പെട്ട മതിലുകളാണ്. ഈ പിന്നത്തേത് ദൈവത്തിന്റെ ആധിപത്യത്തിൻകീഴിലുള്ള സഭയുടെ ജീവിതമായ രാജ്യജീവിതമാണ്.

ഇത് പുതിയ യെരൂശലേമിനെക്കുറിച്ചുള്ള ഒരു പൂർണ ഗ്രാഹ്യം ഉണ്ടായിരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. പന്ത്രണ്ട് മുത്തു കവാടങ്ങൾ പ്രവേശനമെന്ന നിലയിൽ സഭയെ സൂചിപ്പിക്കുകയും, വിലയേറിയ കല്ലുകൾകൊണ്ട് പണിയപ്പെട്ടിരിക്കുന്ന മതിലുകൾ സ്വർഗീയ ഭരണത്തിൻകീഴിൽ ജീവിക്കുന്നതിന്റെ ആവിഷ്കാരമായ രാജ്യത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. "കർത്താവായ യേശുവേ, എനിക്ക് ദിവ്യജീവൻ ഉള്ളതിനായി ഞാൻ എത്രമാത്രം നിന്നെ സ്തുതിക്കുന്നു!" എന്നു നിങ്ങൾ പറയുമ്പോൾ അതാണ് മുത്ത്. എന്നാൽ "ഓ, കർത്താവേ, ഞാൻ ആത്മാവിൽ ദരിദ്രനും ഹൃദയശുദ്ധിയുള്ളവനും ആയിരിക്കുവാനും, ഞാൻ നിന്റെ ഭരണത്തിൻകീഴിലായിരിക്കുവാനും, എന്റെ ഉള്ളിൽ യാതൊരു പാറകളും മുള്ളുകളും ഇല്ലാതിരിക്കേണ്ടതിന് നിന്നാൽ ഇടപെടൽ പ്രാപിച്ചവനായിരിക്കുവാനും, ഞാൻ സ്വർഗീയ ഭരണഘടനയിൻകീഴിൽ ജീവിക്കുവാനും കൂടുതൽ കൃപ എനിക്കു നൽകേണമേ" എന്നു നിങ്ങൾ പറയുമ്പോൾ നിങ്ങൾ ഉടനെ നിധിയായിത്തീരുന്നു. ഒരുവശത്ത്, നാം മുത്താണ്; മറുവശത്ത്, നാം നിധിയാണ്.

Wed അഞ്ചാമത്തെ ഉപമ ഒരു മനുഷ്യൻ നിധി കണ്ടെത്തുന്നതിനെയും, ആറാമത്തേത് ഒരു വ്യാപാരി ഒരു മുത്ത് കണ്ടെത്തുന്നതിനെയുംകുറിച്ച് സംസാരിക്കുന്നു. രാജ്യത്തിനുവേണ്ടി, ക്രിസ്തു മനുഷ്യനും; സഭയ്ക്കുവേണ്ടി, അവൻ വ്യാപാരിയും ആണ്. മുഴുവൻ ബൈബിളിന്റെയും ധാരണയോട് ഇത് യോജിക്കുന്നു. രാജ്യത്തിന് ഒരു മനുഷ്യൻ ആവശ്യമാണ്. ദൈവത്തിന്റെ രാജ്യം ഭൂമിയിൽ ഉണ്ടായിരിക്കേണ്ടതിന് ഒരു മനുഷ്യന്റെ ആവശ്യമുണ്ട്. ക്രിസ്തു ഈ മനുഷ്യനായാണ് വന്നത്; ഒന്നാം മനുഷ്യനായല്ല, പിന്നെയോ രണ്ടാം മനുഷ്യനായി. ഒന്നാമത് ഈ മനുഷ്യൻ രാജ്യത്തെ കണ്ടെത്തി. പിന്നീട്, യിസ്രായേലിന്റെ തിരസ്കരണം നിമിത്തം അവൻ രാജ്യത്തെ യെഹൂദജനത്തിൽനിന്നും മറച്ചുവച്ചു. സഭയ്ക്കുവേണ്ടി ക്രിസ്തു കൂടുതൽ മൂല്യമുള്ള ഒന്നിനെ എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുന്നവനായ വ്യാപാരിയാണ്. രാജ്യത്തെ സംബന്ധിച്ച്, ആ മനുഷ്യൻ ഭൂമി എന്ന വയൽ വാങ്ങി. അവൻ ഭൂമിയെ വാങ്ങിയതിനുള്ള കാരണം രാജ്യം ഭൂമിയിലാകുന്നു എന്നതാണ്. എന്നാൽ, മുത്തിനെ നേടുന്നതിനായി വ്യാപാരി സമുദ്രത്തെ വാങ്ങിയില്ല; മറിച്ച്, അവൻ മുത്തു മാത്രം വാങ്ങി. ക്രിസ്തുവാണ് മുത്തിനെ നേരിട്ടു വാങ്ങിയവൻ, എന്നാൽ അവൻ നിധിയെ നേരിട്ടു വാങ്ങിയില്ല. പകരം, അവൻ വയലിനെ നേരിട്ടു വാങ്ങി. ക്രിസ്തു സഭയെയും ഭൂമിയെയും വീണ്ടെടുത്തുവെങ്കിലും, അവൻ രാജ്യത്തെ വീണ്ടെടുത്തില്ല. രാജ്യത്തിന് ഒരു വീണ്ടെടുപ്പുകാരന്റെയോ ഒരു വാങ്ങുന്നവന്റെയോ ആവശ്യമില്ല. എന്നാൽ, നഷ്ടപ്പെട്ടുപോയ ഭൂമിക്ക്, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും പിന്നീട് നഷ്ടപ്പെട്ടതുമായ ഭൂമിക്ക്, ഒരു വീണ്ടെടുപ്പുകാരൻ ആവശ്യമാണ്. കൂടാതെ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും മുൻനിയമിക്കപ്പെട്ടവരുമായ ജനത്തിനും വാങ്ങുന്ന ഒരുവനെ ആവശ്യമാണ്, കാരണം ആ ജനം നഷ്ടപ്പെട്ടുപോയവരായിത്തീർന്നു. അതുകൊണ്ട്, രാജ്യത്തിന് ഒരു മനുഷ്യനെ മാത്രമേ ആവശ്യമുള്ളൂ, എന്നാൽ സഭയ്ക്ക് ഒരു വ്യാപാരിയെയും ഒരു വീണ്ടെടുപ്പുകാരനെയും ആവശ്യമാണ്.

## VII. നിത്യ സുവിശേഷവും അതിന്റെ ഫലവും

വാക്യം 47 പറയുന്നു, "വീണ്ടും, സ്വർഗരാജ്യം കടലിലേക്കു വീശിയതും സകല ഇനത്തിൽനിന്നും ശേഖരിക്കുന്നതുമായ വലയോടു സദൃശമാകുന്നു." ഈ ഉപമ 25:32-46-നോട് ഒത്തിരിക്കുന്നു. ഇവിടെ വല സഭായുഗത്തിൽ പ്രസംഗിക്കപ്പെടുന്ന കൃപയുടെ സുവിശേഷത്തെയല്ല സൂചിപ്പിക്കുന്നത്, പിന്നെയോ മഹോപദ്രവത്തിൽ ജാതീയ ലോകത്തോട് പ്രസംഗിക്കുവാൻ പോകുന്ന നിത്യസുവിശേഷത്തെയാണ് (വെളി. 14:6-7). ഈ വല വീശപ്പെട്ട കടൽ ജാതീയ ലോകത്തെ സൂചിപ്പിക്കുകയും, "സകല

ഇനവും" സകല രാഷ്ട്രങ്ങളെ, സകല ജാതികളെ, സൂചിപ്പിക്കുകയും ചെയ്യുന്നു (25:32).

നൂറ്റാണ്ടുകളായി വലയുടെ ഉപമ തെറ്റിദ്ധരിക്കപ്പെടുകയും തെറ്റായി പ്രയോഗിക്കപ്പെടുകയും ചെയ്തിരുന്നു. വല കൃപയുടെ സുവിശേഷത്തെ സൂചിപ്പിക്കുന്നുവെന്ന് അനേകർ പറഞ്ഞിട്ടുണ്ട്. കളകളുടെ ഉപമയിൽ നമുക്ക് യഥാർഥവാന്മാരും വ്യാജന്മാരും ഉണ്ടെന്നും, വലയുടെ ഉപമയിൽ നമുക്ക് നല്ലവരും മോശമായവരും ഉണ്ടെന്നും പറഞ്ഞുകൊണ്ട്, ഈ ഉപമയെ കളകളുടെ ഉപമയോടും അവർ സാദൃശ്യപ്പെടുത്തി. നല്ലവർ ഗോതമ്പും മോശമായവർ കളകളുമാണെന്ന് അവർ അവകാശപ്പെടുന്നു. ഇത് സത്യമാണെങ്കിൽ, കർത്താവായ യേശു അത്ര ജ്ഞാനിയായിരിക്കുകയില്ല, കാരണം അവൻ ഒരേ കാര്യത്തിനുവേണ്ടി രണ്ട് ഉപമകൾ ഉപയോഗിച്ചു.

ഏഴ് എന്ന സംഖ്യ സംരചിക്കപ്പെട്ടിരിക്കുന്ന രീതിയെ നാം ഒരിക്കൽക്കൂടെ ചിന്തിക്കേണ്ടതാവശ്യമാണ്. ഒന്നാമത്, അത് ആറും ഒന്നും ചേരുന്നതാണ്. മത്തായി 13-ലെ ആദ്യത്തെ ആറ് ഉപമകൾ സഭയോടു ബന്ധപ്പെട്ടിരിക്കുന്നു. സഭയിൽ അസാധാരണരായവരും, സഭയ്ക്ക് ചുറ്റും വ്യാജന്മാരും ഉണ്ട്. അങ്ങനെ, നേരിട്ടോ പരോക്ഷമായോ ആദ്യത്തെ ആറ് ഉപമകൾ സഭയോടു ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ സഭയ്ക്കു വെളിയിലുള്ള ജനത്തിന്, ലോകത്തിലുള്ളവർക്ക്, എന്തു സംഭവിക്കുന്നു? തീർച്ചയായും അവരെ ഉൾപ്പെടുത്തുന്ന ഒരു ഉപമയുടെ ആവശ്യമുണ്ട്. മത്തായി 13-ലെ ഏഴ് ഉപമകൾ സഭയെ മാത്രം ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ, പിന്നെ ജാതികളെ ഉൾപ്പെടുത്തുന്ന ഉപമയൊന്നും ഇല്ലാതെപോകും. അങ്ങനെയാണെങ്കിൽ, പതിമൂന്നാം അധ്യായം പൂർണമായിരിക്കുകയില്ല. വലയുടെ ഉപമയായ ഏഴാമത്തെ ഉപമ സഭയോടല്ല ബന്ധപ്പെട്ടിരിക്കുന്നത്, മറിച്ച് ലോകത്തോട്, രാഷ്ട്രങ്ങളോട്, ആണ്.

സഭയോടു ബന്ധപ്പെട്ടവരെ മൂന്ന് കൂട്ടങ്ങളായി തരംതിരിച്ചിരിക്കുന്നു: യഥാർഥവും സാധാരണവുമായ, ജയാളികളായ ക്രിസ്ത്യാനികളും: യഥാർഥമാണെങ്കിലും അസാധാരണമായ, പരാജിതരായ ക്രിസ്ത്യാനികളും: വ്യാജ ക്രിസ്ത്യാനികളും. കർത്താവിന്റെ മടങ്ങിവരവിന്റെ സമയത്ത്, കളകളായ വ്യാജ ക്രിസ്ത്യാനികളെ കെട്ടുകളായി കെട്ടി തീച്ചൂളയിലേക്ക്, അതായത് തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയും. അതായിരിക്കും കളകളുടെ ദൈവകല്പിതം. സാധാരണവും, യഥാർഥവുമായ ജയാളികളായ ക്രിസ്ത്യാനികൾ ക്രിസ്തുവിനോടുകൂടെ സഹരാജാക്കന്മാരായിരിക്കുവാൻ രാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് മാറ്റപ്പെടും. അസാധാരണരായവരെ ശിക്ഷണവിധേയരാക്കുവാനും, അച്ചടക്കമുള്ളവരാക്കുവാനും, ശിക്ഷിക്കുവാനും ഒരു പ്രത്യേക സ്ഥലത്തിൽ

വയ്ക്കും. ഈ ആറ് ഉപമകൾ യഥാർഥ ക്രിസ്ത്യാനികളെയും വ്യാജ ക്രിസ്ത്യാനികളെയും സംബന്ധിച്ച വ്യക്തമായ ഒരു കാഴ്ചപ്പാട് നമുക്കു തരുന്നു. ഏഴാമത്തെ ഉപമയായ വലയുടെ ഉപമ ലൗകികരായ ജനത്തിന്റെ ദൈവകല്പിതത്തെ വിശദീകരിക്കുന്നു.

ഇവിടെ വല കൃപയുടെ സുവിശേഷമല്ല. പകരം, അത് വെളിപ്പാട് 14:6-7-ൽ വിളംബരം ചെയ്യുന്ന നിത്യസുവിശേഷമാണ്. (വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം ദൂത് നാല്പത്തേഴ് കാണുക.) മിക്കവാറും ക്രിസ്തീയ ഉപദേഷ്ടാക്കന്മാരും ഈ സുവിശേഷത്തെ അവഗണിച്ചിരിക്കുന്നു. ഉപദ്രവകാലത്ത്, സകല മതങ്ങളെയും എതിർക്കുന്ന എതിർക്രിസ്തു ക്രിസ്ത്യാനികളെയും യെഹൂദന്മാരെയും ഉപദ്രവിക്കും. ഉപദ്രവിക്കപ്പെടുന്ന ഈ ക്രിസ്ത്യാനികളെ ക്രിസ്തു തന്റെ സഹോദരന്മാരായി പരിഗണിക്കും. യെഹൂദന്മാരെയും ക്രിസ്ത്യാനികളെയും എതിർക്രിസ്തു ഉപദ്രവിക്കുമെന്നുള്ളതുകൊണ്ട് നിത്യസുവിശേഷം പ്രസംഗിക്കുവാൻ ഒരു ദൂതൻ അയയ്ക്കപ്പെടും. നിത്യസുവിശേഷം കൃപയുടെ സുവിശേഷത്തിൽനിന്നും ഉള്ളടക്കത്തിൽ തികച്ചും വ്യത്യസ്തമാണ്. കൃപയുടെ സുവിശേഷം മാനസാന്തരത്തിനും കർത്താവായ യേശുവിലുള്ള വിശ്വാസത്തിനും വേണ്ടി പ്രസംഗിക്കപ്പെടുന്നു. എന്നാൽ, ദൈവത്തെ ഭയപ്പെടുവാനും അവനെ ആരാധിക്കുവാനും നിത്യസുവിശേഷം മനുഷ്യരോടു പറയും. അത് മാനസാന്തരത്തിന്റെ വിഷയത്തെ സ്പർശിക്കുകയോ, വിശ്വാസം ആവശ്യപ്പെടുകയോ ചെയ്യുകയില്ല. മറിച്ച്, എതിർക്രിസ്തു തന്റെതന്നെ ഒരു പ്രതിമ സ്ഥാപിക്കുകയും അതിനെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും ചെയ്യുകൊണ്ട് അവനെത്തന്നെ ദൈവമായി ഉയർത്തുമെന്നുള്ളതുകൊണ്ട്, എതിർക്രിസ്തുവിന്റെ പ്രതിമയെ ആരാധിക്കാതെ ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും സൃഷ്ടിച്ചവനായ ദൈവത്തെ ആരാധിക്കുവാൻ നിത്യസുവിശേഷം ജനത്തോടു പറയും. കൂടാതെ, ദൈവത്തിന്റെ ജനത്തെ ഉപദ്രവിക്കുവാനും അവരെ കൊല്ലുവാനും എതിർക്രിസ്തു അവരെ നയിക്കുമെന്നുള്ളതുകൊണ്ട്, ദൈവത്തെ ഭയപ്പെടുവാൻ നിത്യസുവിശേഷം ജനത്തോടു കല്പിക്കും. ദൈവത്തിന്റെ ജനത്തെ കൊല്ലുന്നവരോട് പ്രതികാരം ചെയ്യുവാൻ ദൈവം കടന്നുവരുമെന്ന് അവർ കേൾക്കണം. തന്മൂലം, അവർ എല്ലാവരും ദൈവത്തെ ഭയപ്പെടണം.

ഒരു മനുഷ്യനെന്ന നിലയിൽ ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായംവിധിക്കുവാൻ ക്രിസ്തു ദൈവത്താൽ നിയമിക്കപ്പെട്ടവനാണെന്ന് ബൈബിൾ പറയുന്നു (പ്രവൃ. 17:31; 2 തിമൊ. 4:1). ക്രിസ്തു തന്റെ മടങ്ങിവരവിന്റെ സമയത്ത് ജീവിച്ചിരിക്കുന്നവരെ ന്യായംവിധിക്കും. ഇത് സഹസ്രാബ്ദത്തിനുമുമ്പു സംഭവിക്കും. യെഹൂദന്മാർക്കും ക്രിസ്ത്യാനികൾക്കും പുറമെ, നൂറ്റാണ്ടുകളിലൂടെ നീളമായി വളരെയധികം അവിശ്വാസികളുണ്ടായിരുന്നു, അവരിൽ

മിക്കവരും കർത്താവ് മടങ്ങിവരുന്നതിനുമുമ്പ് മരിച്ചുപോയിട്ടുണ്ടായിരിക്കും. എന്നാൽ അവൻ പിന്നെയും മടങ്ങിവരുന്ന സമയത്ത് ഒരു സംഖ്യ അപ്പോഴും ജീവിച്ചിരിക്കുന്നുണ്ടാകും. ജീവിച്ചിരിക്കുന്ന ഇവരായിരിക്കും ജാതികൾ. ക്രിസ്തു മടങ്ങിവരുമ്പോൾ, അവൻ അവരുടെമേൽ തന്റെ ന്യായവിധി നടത്തും. മോശെയുടെ ന്യായപ്രമാണമനുസരിച്ചോ കൃപയുടെ സുവിശേഷമനുസരിച്ചോ അല്ല, പ്രത്യുത ക്രിസ്തുവിന്റെ മടങ്ങിവരവിനു തൊട്ടുമുമ്പുള്ള മൂന്നര വർഷത്തിൽ വിളംബരം ചെയ്യപ്പെട്ട നിത്യസുവിശേഷമനുസരിച്ച് അവൻ അവരെ ന്യായംവിധിക്കും. ബൈബിളിൽ മോശെയുടെ ന്യായപ്രമാണവും കൃപയുടെ സുവിശേഷവും ദൈവത്തിന്റെ ന്യായവിധിക്കുള്ള ഒരു അടിസ്ഥാനമാണ്. വെളിപ്പാട് 14-ൽ വിളംബരം ചെയ്യപ്പെടുന്ന നിത്യസുവിശേഷം ജീവിച്ചിരിക്കുന്ന രാഷ്ട്രങ്ങളുടെ മേലുള്ള ക്രിസ്തുവിന്റെ ന്യായവിധിക്കുള്ള അടിസ്ഥാനമായിരിക്കും.

ക്രിസ്തു മടങ്ങിവരുമ്പോൾ അവൻ സകല ജാതികളെയും കൂട്ടിച്ചേർക്കുമെന്ന് മത്തായി 25 പറയുന്നു. ഈ വേദഭാഗം യെഹൂദന്മാരെയോ വിശ്വാസികളെയോ കുറിച്ചല്ല, ജാതികളെക്കുറിച്ച് സംസാരിക്കുന്നു. ജാതികൾക്ക് കർത്താവിന്റെ ആടുകളായിരിക്കുവാൻ കഴിയുകയില്ലെന്നു പറഞ്ഞുകൊണ്ട് ചിലർ വാദിച്ചിട്ടുണ്ട്. എന്നാൽ ഭൂമിയിലെ സകല ജനവും കർത്താവിന്റെ ആടുകളാണെന്ന് സങ്കീർത്തനം 100 വെളിപ്പെടുത്തുന്നു. തന്മൂലം, കർത്താവിന്റെ ദൃഷ്ടിയിൽ ഈ ഭൂമിയിലെ സകല ജനവും അവന്റെ ആടുകളാണ്. അവൻ മടങ്ങിവരുമ്പോൾ, അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിനു മുമ്പാകെ അവരെയെല്ലാം കൂട്ടിച്ചേർക്കുകയും, നിത്യസുവിശേഷത്തെ അടിസ്ഥാനമാക്കി അവരുടെമേൽ തന്റെ ന്യായവിധി നടപ്പാക്കുകയും ചെയ്യും. മത്തായി 25 അനുസരിച്ച്, തന്റെ ചെറിയ സഹോദരന്മാരെ അവർ പരിചരിച്ച രീതിയനുസരിച്ച് രാജാവ് ജാതികളെ ന്യായംവിധിക്കും. ഉപദ്രവകാലത്ത് യെഹൂദന്മാരും ക്രിസ്ത്യാനികളും വളരെയധികം കഷ്ടമനുഭവിക്കും. അവർ ആഹാരത്തിനും വസ്ത്രത്തിനും കുറവുള്ളവരായിരിക്കുകയും, അവർ രോഗികളായിരിക്കുകയും, അവർ തടവിലാക്കപ്പെടുകയും ചെയ്യും. നിത്യസുവിശേഷം കേൾക്കുകയും ദൈവത്തെ ഭയപ്പെടുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നവർ, സാമ്പത്തികമോ ഭൗതികമോ ആയ ചില സഹായം നൽകിക്കൊണ്ട്, രഹസ്യമായി വിശ്വാസികളെ സഹായിക്കും. വിശ്വാസികളോട് അനുകൂലമായി പെരുമാറിയവരെ രാജാവ് ചെമ്മരിയാടുകളായി കണക്കാക്കും. എന്നാൽ അവരോട് നന്നായി പെരുമാറാത്തവരെ അവൻ കോലാടുകളായി കണക്കാക്കും. കോലാടുകൾ നിത്യാഗ്നിയിലേക്ക് എറിയപ്പെടുകയും, എന്നാൽ ചെമ്മരിയാടുകൾ ഭൂമിയിലെ പൗരന്മാരായിരിക്കുവാൻ സഹസ്രാബ്ദത്തിലേക്ക് മാറ്റപ്പെടുകയും ചെയ്യും.

ആദ്യത്തെ ആറ് ഉപമകൾ സഭയോടു ബന്ധപ്പെട്ട വിവിധ വശങ്ങളെ വിശദീകരിക്കുന്നു. ലൗകികരായ ജനത്തെ വലയുടെ ഉപമയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സഭ സമുദ്രത്തിൽ നിന്നുള്ള ഒരു മുത്താണ്. സഭ സമുദ്രത്തിൽനിന്ന് വിളിക്കപ്പെട്ടതിനുശേഷം സമുദ്രത്തിൽ ശേഷിക്കുന്നത് ജാതീയ ലോകത്തിൽ ജീവിക്കുന്ന രാഷ്ട്രങ്ങളായിരിക്കും. കർത്താവിന്റെ മടങ്ങിവരവിൽ സമുദ്രത്തിലുള്ള സകല കാര്യങ്ങളെയും ശേഖരിക്കുവാൻ അവൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവരെയെല്ലാം തന്റെ തേജസ്സിന്റെ സിംഹാസനത്തിനു മുമ്പാകെ ശേഖരിച്ചതിനുശേഷം, ഉപദ്രവകാലത്ത് അവർ വിശ്വാസികളോടു പെരുമാറിയ രീതിയനുസരിച്ച് അവൻ അവരെ വിഭാഗിക്കും. അവരോടു നന്നായി പെരുമാറിയവരെ നല്ലവരായ ചെമ്മരിയാടുകളായി കണക്കാക്കുകയും, അവരോടു മോശമായി പെരുമാറിയവരെ ദുഷ്ടന്മാരായ കോലാടുകളായി കണക്കാക്കുകയും ചെയ്യും. നല്ലവരെ ലോകസ്ഥാപനം മുതൽ (ലോകസ്ഥാപനത്തിനു മുമ്പല്ല) അവർക്കായി ഒരുക്കപ്പെട്ട സഹസ്രാബ്ദ രാജ്യത്തിലേക്ക് സ്ഥലംമാറ്റം ചെയ്യും. അവിടെ ഈ നല്ലവർ വരാനിരിക്കുന്ന രാജ്യത്തിന്റെ പൗരന്മാരായിരിക്കും. എന്നാൽ ദുഷ്ടന്മാരെ നിത്യാഗ്നിയിലേക്ക് എറിഞ്ഞുകളയും. ഇത് യുഗത്തെ അവസാനിപ്പിക്കും.

മത്തായി 13 വ്യക്തമായ ഒരു ദർശനം അവതരിപ്പിക്കുന്നു. ഈ അധ്യായത്തിൽ എല്ലാ ഉപമകളും ഈ യുഗത്തെ അവസാനിപ്പിക്കുന്നു എന്നു നാം കാണുന്നു. ആദ്യത്തെ ആറ് ഉപമകളനുസരിച്ച് സഭയോട് ഇടപെടുന്നതിലൂടെയും, അവസാനത്തെ ഉപമയനുസരിച്ച് ജാതികളായ ലോകത്തോട് ഇടപെടുന്നതിലൂടെയും ഈ യുഗത്തെ കർത്താവ് അവസാനിപ്പിക്കും. ഈ ഉപമകളിൽ സ്വർഗരാജ്യത്തിന്റെ മർമങ്ങളുടെ സകല വശങ്ങളും നാം കാണുന്നു. നമ്മുടെ മുമ്പിലുള്ള ഈ വ്യക്തമായ ചിത്രത്തോടുകൂടെ, നാം എവിടെയാണെന്നും, നാം എവിടേക്കു പോകുന്നുവെന്നും നാം അറിയുന്നു. അവിശ്വാസികൾ എവിടെയാണെന്നും, അവർ എവിടേക്കു പോകുന്നുവെന്നും, അവരുടെ ദൈവകല്പിതം എന്താകുമെന്നുംകൂടെ നാം അറിയുന്നു.

## VIII. പുതിയതും പഴയതുമായ കാര്യങ്ങളുടെ നിക്ഷേപം

ഈ അധ്യായത്തിന്റെ അവസാനം കർത്താവ് ഒരു ഉപമകൂടി സംസാരിച്ചു. വാക്യം 52 പറയുന്നു, "അവനോ അവരോട്, ഇക്കാരണത്താൽ സ്വർഗരാജ്യത്തിനു ശിഷ്യനാക്കപ്പെട്ട എല്ലാ ശാസ്ത്രിയും തന്റെ നിക്ഷേപത്തിൽനിന്ന് പുതിയതും പഴയതുമായവ പുറത്തുകൊണ്ടുവരുന്ന ഒരു വീട്ടുടയവനോട് സദൃശനാകുന്നു എന്നു പറഞ്ഞു." രാജ്യത്തിന്റെ മർമങ്ങളെ സംബന്ധിച്ച ഏഴ് ഉപമകൾ നൽകിയതിനുശേഷം, ശിഷ്യനാക്കപ്പെട്ട

ശാസ്ത്രിയെ ഒരു നിക്ഷേപമുള്ള, അതായത്, തിരുവെഴുത്തുകളെക്കുറിച്ചുള്ള പുതിയതും പഴയതുമായ പരിജ്ഞാനത്തെ മാത്രമല്ല, രാജ്യത്തിലുള്ള പുതിയതും പഴയതുമായ ജീവന്റെ അനുഭവങ്ങളെയും സൂചിപ്പിക്കുന്ന, പുതിയതും പഴയതുമായ കാര്യങ്ങളുടെ സമ്പന്നമായ ഒരു കലവറ ഉള്ളവനായ ഒരു വീട്ടുടയവനോട് കർത്താവ് സാദൃശ്യപ്പെടുത്തി.

ഈ ചേർക്കപ്പെട്ട ഉപമ സ്വർഗരാജ്യത്തിലേക്ക് ശിഷ്യനാക്കപ്പെട്ട ഒരു ശാസ്ത്രിയെ സംബന്ധിച്ചതാണ്. ഒരു ശാസ്ത്രി, മോശെയുടെയും പ്രവാചകന്മാരുടെയും പുസ്തകങ്ങൾ അറിഞ്ഞിരുന്ന പഴയനിയമത്തിലുള്ള ഒരു പണ്ഡിതനായിരുന്നു. ഈ ഉപമയിൽ "വിശ്വസിച്ച്" എന്ന പദമല്ല, "ശിഷ്യനാക്കപ്പെട്ട" എന്ന പദമാണ് കർത്താവ് ഉപയോഗിച്ചത്. ഇങ്ങനെ പഠിപ്പുള്ള ഒരുവൻ സ്വർഗരാജ്യത്തിലേക്ക് ശിഷ്യനാക്കപ്പെട്ടിരിക്കുന്നു. മുമ്പ് അവൻ പഴയനിയമയുഗത്തിന്റെ ഒരു പണ്ഡിതനായിരുന്നു, എന്നാൽ ഇപ്പോൾ അവൻ സ്വർഗരാജ്യത്തിലേക്ക് ശിഷ്യനാക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ പുതിയ വ്യവസ്ഥയിലേക്ക് അവൻ ശിഷ്യനാക്കപ്പെട്ടിരിക്കുന്നുവെന്ന് ഇത് അർഥമാക്കുന്നു. അവൻ ദൈവത്തിന്റെ പഴയ വ്യവസ്ഥ അറിഞ്ഞിരുന്നു, എന്നാൽ ഇപ്പോൾ ദൈവത്തിന്റെ പുതിയ വ്യവസ്ഥയിലേക്ക് അവൻ ശിഷ്യനാക്കപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ അവനെ തന്റെ നിക്ഷേപത്തിൽനിന്നും പുതിയതും പഴയതുമായ കാര്യങ്ങൾ പുറത്തു കൊണ്ടുവന്ന ഒരു വീട്ടുടയവനോട് സാദൃശ്യപ്പെടുത്തി. പുതിയ കാര്യങ്ങളെ പഴയ കാര്യങ്ങളോടുകൂടെ വയ്ക്കുമ്പോൾ നമുക്ക് വിലയേറിയ കാര്യങ്ങളുണ്ട്. അപ്പൊസ്തലനായ പൗലൊസ് അങ്ങനെയുള്ള ഒരു വ്യക്തിയായിരുന്നു. അവൻ ഒരു ദിവസം ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയിലേക്ക് ശിഷ്യനാക്കപ്പെട്ട ഒരു പഴയനിയമ ശാസ്ത്രിയായിരുന്നു. തന്മൂലം, പൗലൊസിന് പഴയ കാര്യങ്ങളെയും പുതിയ കാര്യങ്ങളെയും പുറത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. എബ്രായലേഖനം എഴുതുവാൻ ഇത് അവനെ യോഗ്യനാക്കി. ഈ പുസ്തകത്തിൽ പൗലൊസ് നിരവധി പഴയ കാര്യങ്ങളെ പുതിയ കാര്യങ്ങളോടുകൂടെ വ്യാഖ്യാനമായി കൊണ്ടുവരുന്നു.

തന്റെ കേൾവിക്കാരിൽ എല്ലാവരും പത്രൊസിനെയും, യോഹന്നാനെയും, യാക്കോബിനെയും, അന്ത്രെയാസിനെയും പോലെയുള്ള മീൻപിടിത്തക്കാരല്ല, ചിലർ ശാസ്ത്രികളായിരിക്കണമെന്ന് ഈ ഉപമ നൽകുന്നതിലൂടെ കർത്താവ് പ്രതീക്ഷിച്ചു. കർത്താവായ യേശു ജ്ഞാനിയാണ്. പുതിയ വ്യവസ്ഥയുടെ തിരിവിങ്കൽ, പഠിപ്പില്ലാത്ത മീൻപിടിത്തക്കാരെ കണ്ടെത്തുവാൻ അവന് ഗലീലയിലേക്ക് പോകണമയിരുന്നു. എന്നാൽ തിരിവ് സംഭവിച്ചതിനുശേഷം, സകല മർമങ്ങളും നടപ്പാക്കുവാൻ പഠിപ്പുള്ളവരായ ചിലരെ ആവശ്യമുണ്ടായിരിക്കും. കർത്താവ് സകല

മർമങ്ങളും സംസാരിക്കുന്നത് ആ ഗലീലക്കാർ കേട്ടുവെങ്കിലും, അവർ ശാസ്ത്രിമാരായിരുന്നില്ല. തങ്ങളുടെ എഴുത്തിൽ പത്രൊസും, അതുപോലെ യോഹന്നാനും പഴയനിയമത്തിൽനിന്നും അനേകം കാര്യങ്ങൾ പരാമർശിച്ചില്ല. എന്നാൽ പൗലൊസ് ഗലീലക്കാരനായ മീൻപിടിത്തക്കാരനായിരുന്നില്ല. അവൻ രാജ്യത്തിലേക്ക് ശിഷ്യനാക്കപ്പെട്ട ഒരു ശാസ്ത്രിയായിരുന്നു. അതുകൊണ്ട്, അവന് സമ്പന്നമായ ഒരു കലവറ, സമ്പന്നമായ ഒരു നിധി ഉണ്ടായിരുന്നു.

കർത്താവിന്റെ പ്രത്യുദ്ധാരത്തിന് പഠിപ്പില്ലാത്ത ഗലീലക്കാരെ മാത്രമല്ല, ശാസ്ത്രിമാരെയും ആവശ്യമുണ്ട്. രാജ്യത്തെക്കുറിച്ചുള്ള ഉപമ ഗലീലക്കാരായ മീൻപിടിത്തക്കാരോട് കർത്താവു സംസാരിച്ചതിനുശേഷം അവൻ സ്വർഗരാജ്യത്തിലേക്ക് ശിഷ്യനാക്കപ്പെട്ട ശാസ്ത്രിയെ സംബന്ധിച്ച മറ്റൊരു ഉപമ സംസാരിച്ചു. കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "ഗലീലക്കാരായ മീൻപിടിത്തക്കാരായ നിങ്ങൾ ഇതു കേൾക്കണം. നിങ്ങൾ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നടപ്പാക്കുവാൻ പര്യാപ്തരല്ല. തിരിവുണ്ടാക്കുവാൻ എനിക്ക് നിങ്ങളെ ഉപയോഗിക്കുവാൻ കഴിയും, എന്നാൽ തിരിവുണ്ടായതിനുശേഷം, നിങ്ങൾ മതിയാകുകയില്ല. എനിക്ക് ചില ശാസ്ത്രിമാരെ ആവശ്യമുണ്ട്. ഗമാലിയേലിന്റെ പാദത്തിങ്കലിരുന്ന് പഠിച്ചവനായ തർസൊസിലെ ശൗലിനെപ്പോലെയുള്ള ഒരുവനെ എനിക്കാവശ്യമാണ്." ഈ കാര്യത്തിൽ കർത്താവിന്റെ ജ്ഞാനത്തെ നാം കാണുന്നു. യുവാക്കളേ, നിങ്ങൾ ഏറ്റവും നല്ല കോളജുകളിൽ പോകുകയും ഡിഗ്രി സമ്പാദിക്കുകയും വേണം. അപ്പോൾ നിങ്ങൾ ശാസ്ത്രിമാരായിരിക്കും. ഇന്ന് കർത്താവിന് തിരിവുണ്ടാക്കുവാൻ ഗലീലക്കാരായ മീൻപിടിത്തക്കാരെ മാത്രമല്ല ആവശ്യം: അവന് ശാസ്ത്രിമാരെയും ആവശ്യമാണ്.

രാജ്യത്തിന്റെ മർമങ്ങളെ സംബന്ധിച്ച ഉപമകൾ ശിഷ്യന്മാർ കേട്ടപ്പോൾ, അവർ വളരെ സന്തോഷമുള്ളവരായി ഇങ്ങനെ പറഞ്ഞുകാണും, "ഹല്ലേലൂയ്യാ, ഗലീലക്കാരായ മീൻപിടിത്തക്കാരായ നമുക്ക് രാജ്യത്തിന്റെ മർമങ്ങളെല്ലാം അറിയാം." എന്നാൽ കർത്താവു പറഞ്ഞുകാണും, "നിങ്ങൾ സന്തുഷ്ടരാണ്, എന്നാൽ എനിക്ക് ഇപ്പോഴും ചില ശാസ്ത്രിമാരെ ആവശ്യമാണ്. ക്ഷമിക്കണം, നിങ്ങളിലാരും ഒരു ശാസ്ത്രിയല്ല. പത്രൊസേ, നീ പെന്തക്കോസ്തു നാളിനായി കൊള്ളാവുന്നവനായിരിക്കും, വല എറിഞ്ഞ്, വളരെ വലിയൊരു കൂട്ടം ജനത്തെ പിടിക്കുന്നതിന് കൊള്ളാം. എന്നാൽ വളരെയധികംപേരെ സഭയിലേക്ക് കൊണ്ടുവന്നതിനുശേഷം നീ അവരോട് എങ്ങനെ ഇടപെടും? ഇതിനുള്ള പ്രാപ്തി ഗലീലക്കാരായ മീൻപിടുത്തക്കാരായ നിങ്ങൾക്കില്ല. എനിക്ക് പരിജ്ഞാനംകൊണ്ടു നിറഞ്ഞ ചില ശാസ്ത്രിമാരെ, എന്റെ വ്യവസ്ഥയിലേക്ക് ശിഷ്യരാക്കപ്പെട്ട ചില ശാസ്ത്രിമാരെ ആവശ്യമാണ്. ഈ

ശാസ്ത്രിമാർ അവരുടെ പരിജ്ഞാനത്തിൽനിന്നും അവരുടെ അനുഭവത്തിൽനിന്നും പുതിയയും പഴയതുമായ കാര്യങ്ങളെ പുറത്തെടുക്കും." പൗലൊസ് മതത്തിൽ പുരോഗതി പ്രാപിച്ചിരുന്നതുകൊണ്ട് അവന് ഗലാത്യർക്കുള്ള ലേഖനം എഴുതുവാൻ കഴിഞ്ഞു. എന്നാൽ പത്രൊസിന് അങ്ങനെയുള്ള ഒരു പുസ്തകം എഴുതുവാൻ കഴിഞ്ഞില്ല. ഇത് പത്രൊസിന്റെ രണ്ടാം ലേഖനത്തിലെ തന്റെ വാക്കുകളാൽ തെളിയിക്കപ്പെടുന്നു (2 പത്രൊ. 3:15-16). ഒരുപക്ഷേ അവൻ വല വീശുന്നതിൽ പ്രധാനപ്പെട്ട ഒരു മീൻപിടിത്തക്കാരനായിരുന്നിരിക്കാം, എന്നാൽ യെഹൂദ മതത്തിൽ അവൻ പുരോഗതി പ്രാപിച്ചിരുന്നില്ല. തർസൊസിലെ ശൗലിന് അറിയാമായിരുന്നതുപോലെ അവന് ലേവ്യാപുസ്തകത്തെയോ സങ്കീർത്തനങ്ങളെയോ അറിയാമായിരുന്നില്ല. അങ്ങനെ, ഗലീലക്കാരായ എല്ലാ മീൻപിടിത്തക്കാരും ശാസ്ത്രിമാരുടെ ഉപമയാൽ കീഴ്പ്പെടുത്തപ്പെട്ടു. ഈ ഉപമയെ നാം പൗലൊസിനോട് പ്രയോഗിക്കുന്നുവെങ്കിൽ, അവന് എന്തുമാത്രം സമ്പന്നമായ നിധി ഉണ്ടായിരുന്നു എന്നു നാം കാണുന്നു. അവന്റെ നിധിയിൽനിന്നും അവന് പുതിയ ഉപദേശങ്ങളും പഴയ ഉപദേശങ്ങളും, പുതിയ അനുഭവങ്ങളും പഴയ അനുഭവങ്ങളും പുറത്തു കൊണ്ടുവരാൻ കഴിഞ്ഞു. യുവാക്കളിൽ ചിലർ ശാസ്ത്രിമാരായിത്തീരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിനുവേണ്ടി നമുക്ക് മീൻപിടിത്തക്കാരും ശാസ്ത്രിമാരും, രണ്ടു കൂട്ടരും ആവശ്യമാണ്.